**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4146 16.12.14 ലെ മറുപടിക്ക്**

## "പാലക്കാട് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിലെ അഴിമതി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിൽ വ്യാപകമായ അഴിമതി നടക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ)<br>(ബി)<br>&<br>(സി) | പാലക്കാട് ജില്ലയിലെ ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം വാണിജ്യ നികുതി ചെക്ക്പോസ്റ്റ്-കളിൽ യഥാക്രമം 13.08.2014, 27.08.2014, 04.12.2014 തീയതി-കളിൽ വിജിലൻസ് പരിശോധന നടത്തുകയുണ്ടായി. പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br>27.11.2014-ൽ പാലക്കാട് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഉള്ള സംഘം വേലന്താവളം വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ പരിശോധന നടത്തുകയും ശ്രീ. കെ.കെ.രവീന്ദ്രൻ, ഓഫീസ് അറ്റൻഡന്റിൽ നിന്നും കണക്കിൽപെടാത്ത 300/- രൂപ കണ്ടെത്തുകയും ചെയ്തു. അതിനെ തുടർന്ന് അദ്ദേഹത്തെ 06.12.2014-ൽ എ 11-36126/14/സി.റ്റി.എന്ന ഉത്തരവു പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പരിശോധന സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നവരെ സ്ഥലം മാറ്റുകയും ചെയ്തു. |
| (ബി) | പ്രസ്തുത ചെക്ക് പോസ്റ്റുകളിലെ ജീവനക്കാർക്കെതിരെ എത്ര വിജിലൻസ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | | |
| (സി) | വിജിലൻസ് കേസിൽ ഏതെല്ലാം ജീവനക്കാരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**